ാണ് അദർ ഡ്യൂട്ടിയിൽ കഴിഞ്ഞുവന്നത്. 1166 ജീവനക്കാരെ പഴയ തസ്തികയിലേക്ക് മയച്ചു. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ച കാര്യങ്ങൾ മുമ്പുണ്ടായിട്ടുള്ള കാര്യങ്ങളാണ്. ഇന്ന് ഈ പ്രയാസം കുറഞ്ഞുവരുന്നുണ്ട്. ഏതെങ്കിലും പ്രദേശത്ത്, പ്രത്യേകമായി ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെടുത്തിയാൽ ആ കാര്യം പൂർണ്ണമായി പരിശോധിക്കുകയും അതിന് പരിഹാരം കണ്ടെത്തുകയും ചെയ്യുന്നതാണ്. ഇന്ന് ഈ പറഞ്ഞ പ്രയാസങ്ങളെല്ലാം ഒഴിവായിരിക്കുകയാണ്.

(iii) ഏഴിമല നേവൽ അക്കാഡമി മാറ്റിക്കൊണ്ടുപോകുന്നതു സംബന്ധിച്ച്

ശ്രീ. എം. വി. രാഘവൻ: സർ, ഏഴിമലയിൽ കേന്ദ്രഗവൺമെന്റ് സ്ഥാപിക്കുമെന്നുപറഞ്ഞ നേവൽ അക്കാഡമി അവിടെ സ്ഥാപിക്കാൻ പോകുന്നില്ല, സ്ഥലം മാറ്റാൻ പോകുന്നുവെന്നൊരു ആശങ്ക പരന്നിട്ടുണ്ട്. 2,600 ഏക്കർ സ്ഥലം ഇതിനുവേണ്ടി ഗവൺമെന്റ് അക്വിസിഷൻ നടത്തിയതാണ്. ഏതാണ്ട് 20 കോടി രൂപ കേന്ദ്രഗവൺമെന്റ് തന്നെ കടം തന്നിട്ടാണ് അത് നടത്തിയിട്ടുള്ളത്. അവിടെ അത്തരമൊരു സ്ഥാപനം വരുന്നതിനുവേണ്ടി കൃഷിക്കാർ ത്യാഗം സഹിക്കണം. അതുകൊണ്ട് ഒഴിഞ്ഞുപോകണമെന്ന് പറഞ്ഞവരാണ് ഞങ്ങൾ. അങ്ങനെ അവർ അവിടെനിന്നും ഒഴിഞ്ഞുപോയി. അവർക്കാണെങ്കിൽ 30 ശതമാനം ഇനിയും കൊടുക്കാനുണ്ട്. 5 കോടി രൂപയോളം കൊടുത്തുതീർക്കാനുണ്ട്. അതും കൊടുത്തിട്ടില്ല. അതുപോലെതന്നെ ഈ അക്കാഡമിക്കുവേണ്ടി കേന്ദ്രം ആവശ്യപ്പെട്ട റോഡും മറ്റ് സൗകര്യങ്ങളും ഏർപ്പെടുത്തിയിട്ടില്ല. മേയ് മാസം പാർലമെന്റിൽ ശ്രീ. നരസിംഹറാവു പറഞ്ഞത്, ഈ അക്കാഡമി സ്ഥാപിക്കാൻ ആറ് കൊല്ലം ആവശ്യമാണെന്നാണ്. ഇപ്പോഴും മലയാള മനോരമപോലുള്ള പത്രങ്ങളിൽ കാണുന്നത് കൊച്ചിയിൽ 15 കൊല്ലമായി പ്രവർത്തിച്ചുവരുന്ന ഈ അക്കാഡമി ഗോവയിലേക്ക് മാറ്റുന്നു എന്നാണ്. ഈ മാറ്റം ഏഴിമലയെ പ്രതികൂലമായി ബാധിക്കും, ഈ അക്കാഡമി നഷ്ടപ്പെടും എന്നാണ് പറയുന്നത്. ഈ ഗുരുതരാവസ്ഥ ഗവൺമെന്റ് മനസ്സിലാക്കിയിട്ടുണ്ടോ? കോച്ച് ഫാക്ടറിപോലെ ഇതും പോകുമോ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, അക്കാഡമിക്ക് ആവശ്യമായിട്ടുള്ള സ്ഥലം എടുത്ത് ഏൽപ്പിച്ചുകഴിഞ്ഞു. 1984 മേയ് മാസത്തിൽതന്നെ ഭൂമി ഏൽപ്പിച്ചുകഴിഞ്ഞിട്ടുണ്ട്. മറ്റുള്ള പ്രവർത്തനങ്ങളും ആരംഭിച്ചിട്ടുണ്ട്. എനിക്ക് ഈ സമയംവരെ കിട്ടിയ അറിവനുസരിച്ച് ഏഴിമലയിൽ സ്ഥാപിക്കാൻ പോകുന്ന നേവൽ അക്കാഡമി ഗോവയിലേക്ക് മാറ്റാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടില്ല. അതുകൊണ്ട് യാതൊരു ഉൽക്കണ്ഠയ്ക്കും അവകാശമില്ല. പക്ഷേ വർക്ക് ടേക് അപ്പ് ചെയ്യാൻ അഡ്മിനിസ്ട്രേറ്റീവ് ഡിലേ ഉണ്ട്. അത് അവരുടെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്.

(iv) റേഷൻകടക്കാർക്കു നൽകുന്ന കമ്മീഷൻ വർദ്ധിപ്പിക്കണമെന്ന ആവശ്യം

ശ്രീ. പി. സി. ജോർജ്ജ്: ഇന്നത്തെ ഗവൺമെന്റ് നിയമം നിന്നാൽ പൊതുവിതരണ രംഗത്ത് സേവനമനുഷ്ഠിച്ചുകൊണ്ടിരിക്കുന്ന 1,200-ഓളം വരുന്ന റീട്ടെയിൽ റേഷൻ വിതരണ തൊഴിലാളികളിൽ ഒരാൾ

LIBRARY ARCHIVES Kerala Legislative Assembly